DEEPIKA 01.01.2018

# 'വൈഗ'യിൽ മഹാരാഷ്ട്രയിലെ കർഷകർ

**മണ്ണുത്തി:** മഹാരാഷ്ട്രയിലെ ഫാർമർ പ്രൊഡ്യൂസർ കമ്പനിയിലെ 40ഓളം കർഷകർ അന്താരാഷ്ട്ര കാർഷിക മൂല്യവർധിത ഉത്പന്ന പ്രദർശനമേള 'വൈഗ' സന്ദർശിച്ചു. മഹാരാഷ്ട്രയിലെ സാംഗ്ളി ജില്ലയിലെ കർഷകർ കൃഷിമന്ത്രി വി.എസ്. സുനിൽകുമാറുമായി കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ചർച്ചചെയ്തു.

ചെറുധാന്യങ്ങളായ കമ്പ്, മണി ചോളം എന്നിവയാണു മഹാരാഷ്ട്രയിലെ ഇവരുടെ പ്രധാന കാർഷികവിളകൾ. കോൽപുളിയിൽനിന്നു മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭങ്ങളും ഉണ്ട്. പുളി, ചെറുധാന്യ മൂല്യവർധിത ഉത്പന്നങ്ങൾക്കു വിപണിയും സാങ്കേതിക വിദ്യകളും പ്രതീക്ഷിക്കുന്നതായി അറിയിച്ചാണു കർഷക സംഘം മടങ്ങിയത്.




മഹാരാഷ്ട്രയിൽനിന്ന് വൈഗ പ്രദർശനമേളയിലെത്തിയ കർഷകർ കൃഷിമന്ത്രി വി.എസ്. സുനിൽകുമാറിനൊപ്പം.